340/2009/കെഎസ്എച്ച്ഒ 10/08/2017

# സർക്കുലർ

വിഷയം:- സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) - പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ ഓഡിറ്റിംഗ്, ഗ്രേഡിംഗ് (സാഗാ - സ്പെഷ്യൽ ഓഡിറ്റിംഗ് & ഗ്രേഡിംഗ് അസസ്സ്മെന്റ്) ക്യാമ്പെയിൻ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

കുടുംബശ്രീ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾക്കിടയിലെ മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ വളരെയധികം പിന്നോക്കം നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. എത്തിച്ചേരാനും വിളിച്ചുകൂട്ടാനും വളരെ ബുദ്ധിമുട്ടുള്ള വിഭാഗമെന്ന നിലയ്ക്ക് എസ്.റ്റി ആനിമേറ്റർമാരുടെയും മൈക്രോഫിനാൻസ് ടീമിന്റെയും സംയുക്ത ഉത്തരവാദിത്വത്തിന്മേൽ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾക്കായി ഒരു ഓഡിറ്റിംഗ്, ഗ്രേഡിംഗ് ക്യമ്പെയിന് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതുപ്രകാരം 2017 ഒക്റ്റോബർ 15 -നുള്ളിൽ സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെയും ഓഡിറ്റിംഗ് പൂർത്തിയാക്കി ഗ്രേഡിംഗ് നടത്തേണ്ടതുണ്ട്. ഇതിലേയ്ക്കായി ഓരോ ജില്ലയിലേയും പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ എണ്ണത്തിനനുസരിച്ച് കാസ്സ് അംഗങ്ങളുടെ ടീം രൂപീകരിച്ച് സമയബന്ധിതമായി അദാലത്ത് പൂർത്തിയാക്കേണ്ടതുണ്ട്. ജില്ലകളിലെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ എണ്ണത്തിനനുസരിച്ച് അദാലത്ത് ടീമിലെടുക്കേണ്ട കാസ്സ് അംഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു. ജില്ലകളുടെ പ്രവർത്തന സ്വഭാവമനുസരിച്ച് ഇതിൽ മാറ്റംവരുത്താൻ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

| Districts | Total NHGs | No of KAASS members assigned for Tribal auditing Campaign |
|---|---|---|
| Thiruvananthapuram | 293 | 6 |
| Kollam | 64 | 4 |
| Pathanamthitta | 57 | 4 |
| Kottayam | 143 | 4 |
| Idukki | 712 | 8 |
| Ernakulam | 71 | 4 |
| Thrissur | 79 | 4 |
| Palakkad | 134 | 4 |
| Malappuram | 139 | 4 |
| Kozhikode | 112 | 4 |

| | | |
|---|---|---|
| Wayanad | 2348 | 10 |
| Kannur | 410 | 7 |
| Kasaragod | 1070 | 8 |

- പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളെ ഓഡിറ്റിംഗിന് സജ്ജരാക്കി ഓഡിറ്റിംഗിന് ഹാജരാക്കേണ്ട ചുമതല എസ്.റ്റി ആനിമേറ്റർമാർക്കായിരിക്കും
- ടി ക്യമ്പെയിന് ചുമതലയുള്ള കാസ് ടീം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ നിർദ്ദേശത്തിനനുസരിച്ച് ഓരോ ദിവസവും ഓഡിറ്റ് ചെയ്യാൻ കഴിയുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം കൃത്യമായി ആനിമേറ്റർക്ക് നൽകേണ്ടതാണ്.
- ഓഡിറ്റിംഗ് നടത്തുന്നതിന് അനുകൂലമായ പ്രദേശങ്ങൾ ജില്ലാ ടീമിന് തെരഞ്ഞെടുക്കാവുന്നതാണ്.
- ഓഡിറ്റിംഗ് ചെയ്യുന്നതോടൊപ്പം ടി അയൽക്കൂട്ടങ്ങളെ ഗ്രേഡ് ചെയ്ത് മാച്ചിംഗ് ഗ്രാന്റിന് അർഹരായവരുടെ അപേക്ഷ സ്വീകരിച്ച് ജില്ലാ മിഷന് സമർപ്പിക്കേണ്ട ചുമതല സി.ഡി.എസ്സിനും എസ്.റ്റി ആനിമേറ്റർമാർക്കുമായിരിക്കും. ജില്ലയിലെ മൈക്രോഫിനാൻസ് ടീം കൃത്യമായി മേൽപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.

പ്രസ്തുത സാഗാ ക്യാമ്പെയിൻ വഴി ഓഡിറ്റിംഗ് ചെയ്യുന്ന പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ ഓഡിറ്റ് ഫീസ് പ്ലാൻഫണ്ടിലെ ട്രൈബൽ ശീർഷകത്തിൽ നിന്നും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ അതാത് കാസ് അംഗങ്ങൾക്ക്/ടീമിന് നൽകാവുന്നതാണ്.

കാസ് ടീമിന്റെ ഒരാൾ 5 അയൽക്കൂട്ടം ഒരു ദിവസം ഓഡിറ്റ് ചെയ്യുമെന്ന രീതിയിൽ 5 അയൽക്കൂട്ടത്തിന് പരാമവധി ചെലവഴിക്കാവുന്ന തുക

ഒരു അയൽക്കൂട്ടത്തിൽ നിന്ന് 2 പേർ പങ്കെടുക്കണം

5 അയൽക്കൂട്ടം * 2 അംഗം = 10

ഒരു കാസ്സ് അംഗം

ഒരു ആനിമേറ്റർ

ആകെ 10 + 1 + 1 = 12

ഒരാൾക്ക് ഭക്ഷണത്തിന് പരമാവധി 150 രൂപ = 12*150 = 1800 രൂപ എന്ന രീതിയിൽ സാഗാ ക്യാമ്പെയിൻ നടത്തിപ്പിലേയ്ക്കായി ചെലഴിക്കാവുന്നതാണ്.

- ഓഡിറ്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക വിനിമയത്തെക്കുറിച്ചും, അവരുടെ സമ്പാദ്യം, ലിങ്കേജ് വായ്പ എന്നിവയെക്കുറിച്ചും വ്യക്തമായ റിപ്പോർട്ട് കാസ് ടീമിൽ നിന്നും ശേഖരിച്ച് 2017 ഒക്റ്റോബർ 25-നു മുൻപ് സംസ്ഥാന മിഷനിൽ സമർപ്പിക്കാൻ വേണ്ട നിർദ്ദേശം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നൽകേണ്ടതാണ്.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

കരുതൽ / അധികം

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (എസ്.ഡി.)**